Draft #4 of File EA I/2/101/2019/ CBCS Subfile (PART-II) Approved by ASSISTANT REGISTRAR XI (EXAM) on 22-May-2024 11:35 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലാ പരീക്ഷകൾ - 2013 അഡ്മിഷൻ മുതൽ 2016 അഡ്മിഷൻ വരെയുള്ള സി.ബി.സി.എസ്.എസ്. യു. ജി. വിദ്യാർത്ഥികൾക്ക് വേണ്ടി മേഴ്സി ചാൻസായി പരീക്ഷാവിജ്ഞാപനം പുറപ്പെടുവിച്ചതിന്മേൽ ഉണ്ടായ പരാതി തീർപ്പാക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 4219/EA 1/2024/എം.ജി.യു      പ്രിയദർശിനി ഹിൽസ്,തീയതി: 22.05.2024

---

*പരാമർശം:*-(1) 15.01.2024-ലെ EA1/1/101/2023/CBCSS നമ്പർ വിജ്ഞാപനം.

(2) 14.05.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. :142/24.03/EA1/2/101/2019/CBCS.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2013 അഡ്മിഷൻ മുതൽ 2016 അഡ്മിഷൻ വരെ) യു ജി പരീക്ഷകൾക്കായി ഫീസ് വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. സി.ബി.സി.എസ്.എസ്. 2013 റെഗുലേഷൻ പ്രകാരം 2016 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഒന്നാം മേഴ്സി ചാൻസ് അവസരവും, 2015 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് രണ്ടാം മേഴ്സി ചാൻസ് അവസരവും, 2013 & 2014 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് അവസാന മേഴ്സി ചാൻസ് അവസരവും നൽകി ഏകീകരിച്ചാണ് വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. ടി വിജ്ഞാപനം പിൻവലിക്കണമെന്നും തുടർന്നും സി.ബി.സി.എസ്.എസ്. വിദ്യാർത്ഥികൾക്ക് സപ്ലിമെന്ററി അവസരങ്ങൾ നൽകണമെന്നും ആവശ്യപ്പെട്ട് എം.ജി. സർവകലാശാലാ യൂണിയൻ ജന. സെക്രട്ടറി സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിനായി ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

14.05.2024 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം ടി അപേക്ഷ പരിഗണിക്കുകയും, പരാമർശം (2) പ്രകാരം, "15.01.2024 ലെ EA1/1/101/2023/CBCSS നോട്ടിഫിക്കേഷനിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചു.

1. 2013 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷ ഫൈനൽ മേഴ്സി ചാൻസായി പരിഗണിച്ച് ആയതിനുള്ള ഫീസ് ഈടാക്കുന്നതിനും,
2. 2014, 2015, 2016 അഡ്മിഷൻ മേഴ്സി ചാൻസ് പരീക്ഷ ഫസ്റ്റ് മേഴ്സി ചാൻസായി പരിഗണിച്ച് ആയതിനുള്ള ഫീസ് ഈടാക്കുന്നതിനും തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)

പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി

2 രജിസ്ട്രാർ / പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ

3 ജെ ആർ II (ഭരണം )

4 ഡി ആർ II (അക്കാദമിക് )

5 എ ആർ III (അക്കാദമിക് )/ എ ആർ /ഡി ആർ /ജെ ആർ (പരീക്ഷ വിഭാഗം ) /

6 ഇ ബി IX /ഇ ബി XI / എല്ലാ ടാബുലേഷൻ സെക്ഷനുകളും

7 റെക്കോർഡ്സ് സെക്ഷൻ / ഐ ക്യു എ സി / ഐ ടി സെൽ I ,II / ഇ ബി ഒ.ക്യു.പി.എം 1

8 കരുതൽ ഫയൽ / ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File EA I/2/101/2019/ CBCS Subfile (PART-II) Approved by ASSISTANT REGISTRAR XI (EXAM) on 22-May-2024 11:35 AM - Page 2

Draft #4 of File EA I/2/101/2019/ CBCS Subfile (PART-II) Approved by ASSISTANT REGISTRAR XI (EXAM) on 22-May-2024 11:35 AM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം